# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*113 28.04.2017 ൽ മറുപടിക്ക്**

**കിഫ്ബി നിലവിൽ വന്നപ്പോൾ പൊതുമരാമത്ത് വകുപ്പിലുണ്ടാകാവുന്ന മാറ്റം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.സി.മമ്മൂട്ടി | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) വൻകിട വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബി നിലവിൽ വന്ന സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും മാറ്റം പ്രതീക്ഷിക്കുന്നുണ്ടോ;<br><br>ബി) കിഫ്ബി മുഖേനയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഏജൻസി നിലവിൽ വരുമെന്നതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവാദിത്തങ്ങളിൽ കുറവുണ്ടാകുമോ; | എ) & ബി) പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് മുഖേനയുള്ള പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ നടത്തുന്ന രീതിയിൽ തുടരേണ്ടതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളിലും ജോലിയുടെ രീതിയിലും കാര്യമായ മാറ്റം ഉണ്ടാകുന്നില്ല. ഈ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ മാറ്റം പ്രതീക്ഷിക്കുന്നില്ല. പൊതുമരാമത്ത് വകുപ്പിൽ കിഫ്ബി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിന് കെ ആർ എഫ് ബി യേയും ആർ ബി ഡി സി കെ യേയും ഏൽപ്പിച്ചിട്ടുണ്ട്. ഇതിനാവശ്യമായ സ്റ്റാഫിനെ കെ ആർ എഫ് ബി യിൽ, പൊതുമരാമത്ത് വകുപ്പിൽ നിന്നും പുനർവിന്യാസിച്ചിട്ടുണ്ട്. കിഫ്ബിയുടെ പ്രവർത്തനം ദേശീയപാത വിഭാഗത്തെ കാര്യമായി സ്വാധീനിക്കുന്നില്ല. കാരണം, ദേശീയപാത വിഭാഗം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ |

| | | | |
|---|---|---|---|
| | | | നിന്നും അനുവദിക്കുന്ന പ്രവൃത്തികളാണ് ചെയ്തുവരുന്നത്. |
| സി) | എങ്കിൽ മരാമത്ത് വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്താനുള്ള ബദൽ മാർഗ്ഗങ്ങളെ കുറിച്ച് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ? | സി) | പൊതുമരാമത്ത് വകുപ്പിന്റെ നിലവിലുള്ള പ്രവർത്തനങ്ങളിലും ഉത്തരവാദിത്വങ്ങളിലും കുറവു വരാത്ത സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്താനുള്ള ബദൽ മാർഗ്ഗത്തെ സംബന്ധിച്ച് ആലോചിക്കേണ്ടുന്ന പ്രശ്നം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ